# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 843 11.03.2015 - ൽ മറുപടിക്ക്

## കൊല്ലം നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം നിയോജകമണ്ഡലത്തിൽ വരൾച്ചമൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചു എന്നറിയിക്കുമോ; | (എ) കൊല്ലം നിയോജകമണ്ഡലത്തിൽ വരൾച്ച മൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേടായ പമ്പും മോട്ടോറും കേടുപാടുകൾ തീർത്ത് മാറ്റി സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും ജലസ്രോതസ്സുകളുടെ നവീകരണത്തിനും പൈപ്പ് ലൈനുകൾ നീട്ടി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശാസ്താംകോട്ട കായലിൽ താത്കാലിക ബണ്ടും ലീഡിംഗ് ചാനലും ലിഫ്റ്റ് പമ്പും സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ഭൂജലവകുപ്പ് വരൾച്ച മൂലം ഉണ്ടാകുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 4 ട്യൂബ് വെൽ നിർമ്മിക്കുന്നതിനും 2 ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കുന്നതിനായി 41,36,606/- രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ചെലവ് എത്രയെന്ന് അറിയിക്കുമോ; | (ബി) കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നടപ്പാക്കുന്നതിന് ഏകദേശം 30.00 ലക്ഷം രൂപ ആവശ്യമാണ്. |

| | | | |
|---|---|---|---|
| | | | ഭൂജലവകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 41,36,606/-രൂപ ചിലവാകും. |
| (സി) | ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ? | (സി) | കേരള വാട്ടർ അതോറിറ്റിക്ക് തുക അനുവദിച്ചിട്ടില്ല.<br>ഭൂജലവകുപ്പിന് കൊല്ലം നിയോജകമണ്ഡലത്തിൽ 3 ട്യൂബ് വെൽ പൂർത്തീകരിച്ചതിന് ചിലവായ 14,56,943/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ